# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


**സംഗ്രഹം**

വൈദ്യുതി ലൈനിലെ ജോലിക്കിടെ അപകടം നേരിട്ട ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലെ എസ്.എൽ.പുരം ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാനായിരുന്ന ശ്രീ. കൊച്ചുകുട്ടന് 2016 – ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ടും ചട്ടങ്ങളും അനുശാസിക്കുന്ന സംരക്ഷണം നൽകി ബോർഡ് സർവ്വീസിലേക്ക് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

**കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)**

ബോർഡ് ഉത്തരവ് (ഡി.ബി) നം. 287/2021 (PS1/2942/2019) തിരുവനന്തപുരം,

തീയതി 04/05/2021

---

സൂചന:- 1) ആലപ്പുഴ ഗവ : മെഡിക്കൽ കോളേജ് മെഡിക്കൽ ബോർഡ് 01.07.2015 തീയതിയിൽ നൽകിയ 81/15 നമ്പർ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്.

2) No. EB4 (a)/LM/Invalid/523/2015-16) Dated TVPM 05.02.2016 പ്രകാരമുള്ള ചീഫ് എഞ്ചിനീയർ (HRM) – ന്റെ ഉത്തരവ്.

3) 07.09.2020, 21.09.2020 എന്നീ തീയതികളിൽ ശ്രീമതി ബിന്ദു കൊച്ചുകുട്ടൻ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുൻപാകെ സമർപ്പിച്ച നിവേദനങ്ങൾ.

4) ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫിസർ 11.01.2021 തീയതിയിൽ നൽകിയ LAS III/LA & DEO/R/144/2020/137 നമ്പർ നിയമോപദേശം.

5) ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 05.03.2021 തീയതി നം. PS1/2942/2019 കുറിപ്പ്.

6) 17.03.2021 - തീയതിയിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ഡയറക്ടർ ബോർഡ് യോഗത്തിന്റെ നടപടി ക്രമം (അജണ്ട നമ്പർ 15-03/2021).

**ഉത്തരവ്**

ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലെ എസ്.എൽ പുരം ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാനായി ജോലി നോക്കിയിരുന്ന ശ്രീ. കൊച്ചുകുട്ടന് (Emp. Code – 1046138) 2010 ഡിസംബർ 15 ന് വൈദ്യുതി തകരാർ പരിഹരിക്കുന്നതിനിടെ വൈദ്യുതാഘാതമേറ്റ് പോസ്റ്റിൽ നിന്ന് വീണ് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. തുടർന്ന് ചികിത്സയ്ക്കായി കേരളാ സർവീസ് റൂൾസിലെ ഭാഗം 1 ചട്ടം 97 പ്രകാരം പ്രത്യേക പരിഗണന നൽകി 4 വർഷക്കാലം, കെ.എസ്.ഇ.ബി യിൽ പ്രത്യേക അവശത അവധി അനുവദിക്കുകയുമുണ്ടായി. അതിനെ തുടർന്ന് 23.07.2015 തീയതി മുതൽ ശൂന്യ വേതന അവധിയിൽ പ്രവേശിച്ച ശ്രീ കൊച്ചുകുട്ടൻ ഇൻവാലിഡ് പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സൂചന (2) പ്രകാരം 17.12.2015 തീയതി മുതൽ ഇൻവാലിഡ് പെൻഷനും റിട്ടയർമെന്റ് ആനുകൂല്യമായി ഗ്രാറ്റുവിറ്റിയും അനുവദിച്ചു.

ബോധ രഹിതനായി ചികിത്സയിൽ കഴിയുന്ന ശ്രീ കൊച്ചുകുട്ടന് അർബുദ രോഗം പിടിപെട്ടതിനെ തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ബിന്ദു കൊച്ചുകുട്ടൻ തന്റെ ഭർത്താവിന്റെ ചികിത്സയ്ക്കും മറ്റും കടുത്ത സാമ്പത്തിക ക്ലേശം അനുഭവിക്കുന്നു എന്നും അതിനാൽ അദ്ദേഹത്തെ 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ടും ചട്ടങ്ങളും (1995 ലെ ആക്ട് സെക്ഷൻ 47) അനുശാസിക്കുന്ന സംരക്ഷണം നൽകി സർവ്വീസിൽ ഉൾക്കൊള്ളിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് സൂചന (1) പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിവേദനം നൽകി. ഇൻവാലിഡ് പെൻഷൻ വാങ്ങിയ ജീവനക്കാരൻ എന്ന നിലയിൽ ശ്രീ. കൊച്ചുകുട്ടന് മേൽ നിയമത്തിന്റെ സെക്ഷൻ 20 അനുശാസിക്കുന്ന സംരക്ഷണം നൽകി സർവ്വീസിൽ പുന : പ്രവേശിപ്പിക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫിസറുടെ ഉപദേശം തേടാൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. സൂചന (3) പ്രകാരം ലീഗൽ അഡ്വൈസർ ആൻഡ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ നൽകിയ നിയമോപദേശത്തിൽ ശ്രീ. കൊച്ചുകുട്ടന് അനുവദിച്ച ഇൻവാലിഡ് പെൻഷൻ റദ്ദ് ചെയ്ത് 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമത്തിലെ സെക്ഷൻ 20 അനുശാസിക്കുന്ന സംരക്ഷണം നൽകി സ്ഥാപനത്തിലെ ജീവനക്കാരൻ എന്ന നിലയിൽ ഉൾക്കൊള്ളിക്കുന്നത് നിയമ വിധേയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ലീഗൽ അഡ്വൈസറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിനായി ഈ വിഷയം സൂചന 5 പ്രകാരം 17.03.2021 ൽ കൂടിയ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഡയറക്ടർ ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. ഇൻവാലിഡ് പെൻഷൻ അനുവദിച്ചതോടെ അദ്ദേഹത്തിന്റെ സേവന പുസ്തകം അവസാനിപ്പിക്കുകയും ജനറൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലോസ് ചെയ്ത് തുക അനുവദിക്കുകയും ചെയ്തിരുന്നു എന്നാൽ കെ.എസ് ഇ ബി എംപ്ലോയീസ് വെൽഫെയർ അക്കൗണ്ട് ക്ലോസ് ചെയ്യുകയോ അതിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ നൽകുകയോ ഉണ്ടായിട്ടില്ല. ശ്രീ. കൊച്ചുകുട്ടനെ ബോർഡ് സർവ്വീസിലേക്ക് ഉൾക്കൊള്ളിയ്ക്കുവാൻ തീരുമാനിക്കുന്ന പക്ഷം അദ്ദേഹത്തിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള ഇൻവാലിഡ് പെൻഷൻ റദ്ദു ചെയ്യേണ്ടതും നൽകിയ പെൻഷനും ഗ്രാറ്റുവിറ്റി തുകയും തിരിച്ചു പിടിക്കേണ്ടതുമാണ്. അതിനോടൊപ്പം ടിയാന്റെ സേവന പുസ്തകം, പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് എന്നിവയും പുനരാരംഭിക്കേണ്ടതുണ്ട്. 17.03.2021 – ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം അജണ്ട 15/03/2021 ആയി പ്രസ്തുത വിഷയം പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനമെടുക്കുകയുണ്ടായി.

വൈദ്യുതിലൈനിലെ ജോലിക്കിടെ അപകടം നേരിട്ട് ദീർഘകാലമായി ശയ്യാവലംബനായി കഴിയുന്ന ശ്രീ. കൊച്ചുകുട്ടന്റെ ഇപ്പോഴത്തെ ആരോഗ്യ-സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രത്യേക മാനുഷിക പരിഗണന നൽകിയും എന്നാൽ ഈ നടപടി ഒരു കീഴ്വഴക്കമാകാൻ പാടില്ല എന്ന വ്യവസ്ഥയോടെയും ശ്രീ. കൊച്ചുകുട്ടനെ 2016 – ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച നിയമത്തിലെ സെക്ഷൻ 20 (1995 ലെ ആക്ട് സെക്ഷൻ 47) അനുസരിച്ചുള്ള സംരക്ഷണം നൽകി ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ച തീയതി മുതൽ പ്രാബല്യത്തോടുകൂടി ബോർഡ് സർവ്വീസിൽ ഉൾക്കൊള്ളിച്ച നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനും കെ. എസ്. ആർ

ഭാഗമായി നൽകിയ പെൻഷനും ഗ്രാറ്റുവിറ്റി തുകയും ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ നിന്ന് തട്ടിക്കിഴിക്കാനും തീരുമാനിച്ചു.

ഭാവിയിൽ ഭിന്നശേഷിക്കാർക്കുള്ള സംരക്ഷണം സംബന്ധിച്ചോ അല്ലാതെയോ ഉള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് ഈ ഉത്തരവ് കീഴ്വഴക്കമാക്കാൻ പാടില്ലാത്തതാണ്.

ഡയറക്ടർ ബോർഡിന്റെ ഉത്തരവിൻ പ്രകാരം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്**

ഗ്രാഹകൻ,

1) ചീഫ് എൻജിനീയർ (എച്ച്.ആർ.എം).

പകർപ്പ്:-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിന് പ്രകാരം

സീനിയർസൂപ്രണ്ട്